**അനുബന്ധം**

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 453-ന്റെ</u>
<u>ഉത്തരം എ-യുടെയും സി-യുടെയും അനുബന്ധം</u>

<u>അനുബന്ധം-I</u>

കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട്, 2016-ലെ 91-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്.

(1) സംസ്ഥാനത്ത് നഗര പാരിസ്ഥിതിക രൂപകല്പനയുടെ സൗന്ദര്യപരമായ ഗുണമേന്മ പരിപാലിക്കുന്നതും സംരക്ഷിക്കുന്നതും വികസിപ്പിക്കുന്നതും നിലനിർത്തിപ്പോരുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതും പരിസരങ്ങളുടെ സ്കൈലൈനിനെയോ സൗന്ദര്യപരമായ ഗുണമേന്മയെയോ അവിടെയുള്ള ഏതെങ്കിലും പൊതു സൗകര്യങ്ങളെയോ ബാധിക്കുന്നതോ ബാധിക്കുവാനിടയുള്ളതോ ആയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളോ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളോ ഏതെങ്കിലും വികസന നിർദ്ദേശമോ സംബന്ധിച്ചുള്ള ഏതെങ്കിലും പദ്ധതികളെ സംബന്ധിച്ച് ഏതെങ്കിലും മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിനോ

ഉപദേശവും മാർഗ്ഗനിർദ്ദേശവും നൽകുന്നതും കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ പൊതുവായ കർത്തവ്യമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്, സർക്കാരോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഏതെങ്കിലും സർക്കാർ വകുപ്പോ അർദ്ധ സർക്കാർ ഏജൻസിയോ അതിന് അയച്ചുകൊടുക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയോ അംഗീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) 1958-ലെ പുരാതന സ്മാരകങ്ങളും പുരാവസ്തു ശാസ്ത്ര പരിസരവും ശേഷിപ്പും ആക്ടിനും (1958-ലെ 24-ാം കേന്ദ്ര ആക്ട്) 1968-ലെ കേരള പുരാതന സ്മാരകങ്ങളും പുരാവസ്തു ശാസ്ത്ര പരിസരവും ശേഷിപ്പും ആക്ടിനും (1969-ലെ 26-ാം ആക്ട്) വിധേയമായി കേരള ആർട്ട് ആൻഡ് ഹെറിറ്റേജ്

കമ്മീഷന്,

(i) സംരക്ഷണം ആവശ്യമുള്ള കെട്ടിടങ്ങളും പരിസരവും കണ്ടെത്തുകയും അപ്രകാരമുള്ള കെട്ടിടങ്ങളുടെയും പരിസരങ്ങളുടെയും പട്ടിക തയ്യാറാക്കുകയോ തയ്യാറാക്കിപ്പിക്കുകയോ ചെയ്യുകയും അവ തരം തിരിക്കുകയും,

(ii) കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ അധികാരപ്പെടുത്തിയേക്കാവുന്ന ഏതെങ്കിലും ആളോ ഏജൻസിയോ മുഖേന അതിലുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും നിർമ്മിതികളും പരിശോധിക്കുകയും കാലാകാലങ്ങളിൽ അപ്രകാരമുള്ള കെട്ടിടങ്ങളുടെയോ പരിസരങ്ങളുടെയോ പട്ടിക തയ്യാറാക്കുന്നതിനും നിലവിലുള്ള സ്ഥിതി നിരീക്ഷിക്കുന്നതിനും പഠനങ്ങളും സർവ്വേകളും നടത്തുകയും അടിസ്ഥാന രേഖകൾ ശേഖരിക്കുകയും,

(iii) ഈ ആക്ടിൻകീഴിലുള്ള ഏതെങ്കിലും പ്ലാനിൽ നഗര രൂപകല്പനാ നിയന്ത്രണം ആവശ്യമായിട്ടുള്ള മേഖലകളിൽ, കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ പട്ടിക തയ്യാറാക്കിയിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും കെട്ടിടത്തിനെയോ പരിസരത്തിനെയോ സംബന്ധിക്കുന്ന മാതൃക പ്ലാനുകളും

വികസന നിയന്ത്രണങ്ങളും ആവിഷ്കരിക്കുന്നതിന്, വിശദമായ പഠനങ്ങളും സർവ്വേകളും അടിസ്ഥാന രേഖകൾ ശേഖരിക്കലും നടത്തുകയോ നടത്തിപ്പിക്കുകയോ ചെയ്യുകയും,

(iv) ഈ ആക്ടിൻകീഴിലുള്ള ഏതെങ്കിലും പ്ലാനിൽ കണ്ടെത്തിയിട്ടുള്ള അങ്ങനെയുള്ള കെട്ടിടത്തിനോ പരിസരത്തിനോ മേഖലയ്ക്കോ രൂപകല്പന സംബന്ധിച്ച ഏതെങ്കിലും ശൈലിയോ സ്വഭാവമോ വിശേഷണമോ നിർണ്ണയിക്കുകയും:

(v) കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും പ്രവൃത്തികളും സംബന്ധിച്ചുള്ള കാര്യങ്ങളിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും സർക്കാരിന് വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുകയും,

(vi) നഗര-പാരിസ്ഥിതിക രൂപകല്പനയുടെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും,

(vii) മുകളിൽ പരാമർശിച്ചിട്ടുള്ളതും അതിന് അയച്ചുകൊടുത്തിട്ടുള്ളതുമായ ഏതെങ്കിലും വിഷയത്തിൽ സർക്കാരിനോ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കോ ഉപദേശം നൽകുകയും,

(viii) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റേതെങ്കിലും കാര്യം ചെയ്യുകയും ചെയ്യാവുന്നതാണ്.

<u>അനുബന്ധം -II</u>

വിവിധ മാസ്റ്റർ പ്ലാനുകളിലും വിശദ നഗരാസൂത്രണ പദ്ധതികളിലും ഉൾപ്പെട്ടുവരുന്ന പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തി അവ സംരക്ഷിക്കപ്പെടുന്നതിനായി മേഖലാനിയന്ത്രണങ്ങളും മാർഗ്ഗരേഖകളും തയ്യാറാക്കി വരുന്നു. പ്രസ്തുത പ്ലാനുകളിലും പദ്ധതികളിലും വിഭാവനം ചെയ്തിട്ടുള്ള പ്രദേശങ്ങളുടെ പൈതൃക പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി തിരുവനന്തപുരം ഫോർട്ട് ഏരിയ, ആലപ്പുഴ കനാൽ ഏരിയ എന്നിവയുടെ ലഘുലേഖ/കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, കേരളത്തിലെ മുഴുവൻ ജില്ലകളിലെയും ഹെറിറ്റേജ് പ്രാധാന്യമുള്ള

കെട്ടിടങ്ങൾ/ഏരിയകൾ ഏതൊക്കെയാണെന്ന് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും വിനോദസഞ്ചാരികൾക്ക് ഒരു ഗൈഡായി ഉപയോഗിക്കുന്നതിനും ഉപകരിക്കുന്ന തരത്തിൽ ജില്ലകളിലെ പൈതൃക പ്രാധാന്യമുള്ള നിർമ്മിതികൾ ലിസ്റ്റ് ചെയ്യുന്ന ഹെറിറ്റേജ് ഓഫ് കേരള എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു. വിവിധ മാസ്റ്റർപ്ലാനുകളിലും വിശദ നഗരാസൂത്രണ പദ്ധതികളിലും ഹെറിറ്റേജ്/കൺസർവേഷൻ സോൺ എന്ന് വിഭാവനം ചെയ്തിട്ടുള്ള പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ/അപ്പീലുകൾ/പദ്ധതികൾ എന്നിവയിൽ തീരുമാനം കൈക്കൊള്ളുന്നതിനായി കമ്മീഷൻ നിയോഗിച്ചിട്ടുള്ള കമ്മിറ്റി തിരുവനന്തപുരത്തും ജില്ലാതല സബ്കമ്മിറ്റി കോഴിക്കോടും ആവശ്യാനുസരണം കൂടുകയും അപേക്ഷകളിന്മേൽ ശിപാർശകൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ, കേരളത്തിലുടനീളം ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും സംരക്ഷണവും അത്തരം പ്രദേശങ്ങളിലെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആർട്ട് ആൻഡ് ഹെറിറ്റേജ്

കമ്മീഷന്റെ ഉപദേശത്തോടുകൂടിയാണ് നടപ്പിലാക്കേണ്ടത്.